# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7022** **02.11.11-ൽ മറുപടിക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സ്പെഷ്യൽ ടീം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമാക്കാൻ സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടോ ; | (എ) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളുടെ സമയബന്ധിത പൂർത്തീകരണവും അവയുടെ ഗുണനിലവാരവും പരിശോധിക്കാനായി മൂന്ന് സ്പെഷ്യൽ ടീമുകൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്പെഷ്യൽ ടീമിൽ ആരൊക്കെയാണ് അംഗങ്ങളെന്നും അവരുടെ ചുമതലകൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ; | (ബി) ഡെപ്യൂട്ടി ചീഫ് എൻജിനീയർ (വിജിലൻസ്), ജോയിന്റ് ഡയറക്ടർ (കെ.എച്ച്.ആർ.ഐ) ഡെപ്യൂട്ടി ചീഫ് എൻജിനീയർ (അഡ്മിനിസ്ട്രേഷൻ) എന്നിവർക്കാണ് സ്പെഷ്യൽ ടീമുകളുടെ നേതൃത്വം. റോഡുകളുടെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും അവയ്ക്ക് മെച്ചപ്പെട്ട നിലവാരം ഉറപ്പു വരുത്തുകയുമാണ് സ്പെഷ്യൽ ടീമുകളുടെ പ്രധാന ചുമതല. |
| (സി) പ്രസ്തുത ടീമിന്റെ നിരീക്ഷണത്തിൽ ഇതിനകം എത്ര റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) പ്രസ്തുത ടീമുകൾ പ്രവർത്തനം ഉടനെ ആരംഭിക്കും. |

Sobha

**സെക്ഷൻ ഓഫീസർ**